**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4016** **17-03-2025 - ൽ മറുപടിയ്ക്ക്**

**അങ്കണവാടി ജീവനക്കാരുടെ ആനുകൂല്യങ്ങൾ വിതരണം ചെയ്യാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. സി. ആർ. മഹേഷ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | അങ്കണവാടി ജീവനക്കാർക്കും ഹെൽപ്പർമാർക്കും കഴിഞ്ഞ അഞ്ച് മാസമായി പെൻഷൻ ലഭിക്കുന്നില്ല എന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; ഇതിന്റെ കാരണം വിശദമാക്കാമോ; | (എ) | **(എ) സംസ്ഥാനത്തെ 33120 അങ്കണവാടികളിലെ വർക്കർമാരിൽ നിന്നും 500/- രൂപയും, ഹെൽപ്പർമാരിൽ നിന്നും 250/- രൂപയും പ്രതിമാസ ക്ഷേമനിധി വിഹിതമായി ശേഖരിക്കുന്ന തുകയും ആയതിന് ആനുപാതികമായി സർക്കാർ നൽകുന്ന 20% വിഹിതവും ഉൾപ്പെടുത്തിയാണ് നിലവിൽ ക്ഷേമനിധിയിൽ നിന്നും പെൻഷൻ അനുവദിച്ച് വരുന്നത്. അങ്കണവാടി ക്ഷേമനിധി ബോർഡിന് പ്രതിമാസം ക്ഷേമനിധി വിഹിതമായി 2,10,98,000/- രൂപ വരുമാനം ലഭിക്കുമ്പോൾ ഒരു മാസം പെൻഷൻ നൽകുന്നതിനു മാത്രമായി 3,90,25,500/- രൂപ ചെലവാകുന്നുണ്ട്. ആയതിനാൽ നിലവിൽ പ്രതിമാസം 1,79,27,500/- രൂപ അധികമായി കണ്ടെത്തേണ്ട സാഹചര്യമാണ് നിലവിലുള്ളത്. കേരള അങ്കണവാടി വർക്കേഴ്സ് ആൻഡ് ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡിനു 2024-2025 സാമ്പത്തിക വർഷം സർക്കാർ വിഹിതമായി ഇതുവരെ 9,00,00,000/-രൂപ (ഒൻപത് കോടി രൂപ മാത്രം) അനുവദിച്ച നൽകിയിട്ടുണ്ട്. 2023 വരെ വിരമിച്ച പ്രവർത്തകർക്ക് 11/2024 വരെയുള്ള പെൻഷൻ അനുവദിച്ചിട്ടുണ്ട്. 2024 ഏപ്രിലിൽ വിരമിച്ച പ്രവർത്തകർക്ക് 11/2024 വരെയുള്ള കുടിശ്ശിക 15/03/2025നകവും 12/2024 മുതലുള്ള കുടിശ്ശിക പെൻഷൻ ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസരിച്ചും നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സർക്കാർ വിഹിതം ആവശ്യപ്പെട്ടുകൊണ്ട് ക്ഷേമനിധി ബോർഡിൽ നിന്നും ലഭിക്കുന്ന പ്രപ്പോസലുകൾ പരിശോധിച്ച് സർക്കാർ വിഹിതം അനുവദിച്ച നൽകിവരുന്നുണ്ട്.** |
| (ബി) | 2022, 2023, 2024 ഏപ്രിൽ മാസങ്ങളിൽ വിരമിച്ചവർക്ക് പെൻഷൻ കുടിശ്ശിക | (ബി) | ബി) സംസ്ഥാനത്തെ 33120 അങ്കണവാടികളിലെ വർക്കർമാരിൽ നിന്നും 500/- രൂപയും, |

| | | | |
|---|---|---|---|
| | ലഭിക്കാനുണ്ടോയെന്നും ഇത് എന്നത്തേക്ക് നൽകുമെന്നും വ്യക്തമാക്കാമോ; | | ഹെൽപ്പർമാരിൽ നിന്നും 250/- രൂപയും പ്രതിമാസ ക്ഷേമനിധി വിഹിതമായി ശേഖരിക്കുന്ന തുകയും ആയതിന് ആനുപാതികമായി സർക്കാർ നൽകുന്ന 20% വിഹിതവും ഉൾപ്പെടുത്തിയാണ് നിലവിൽ ക്ഷേമനിധിയിൽ നിന്നും പെൻഷൻ അനുവദിച്ച് വരുന്നത്. അങ്കണവാടി ക്ഷേമനിധി ബോർഡിന് പ്രതിമാസം ക്ഷേമനിധി വിഹിതമായി 2,10,98,000/- രൂപ വരുമാനം ലഭിക്കുമ്പോൾ ഒരു മാസം പെൻഷൻ നൽകുന്നതിനു മാത്രമായി 3,90,25,500/- രൂപ ചെലവാകുന്നുണ്ട്. ആയതിനാൽ നിലവിൽ പ്രതിമാസം 1,79,27,500/- രൂപ അധികമായി കണ്ടെത്തേണ്ട സാഹചര്യമാണ് നിലവിലുള്ളത്. കേരള അങ്കണവാടി വർക്കേഴ്സ് ആൻഡ് ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡിനു 2024-2025 സാമ്പത്തിക വർഷം സർക്കാർ വിഹിതമായി ഇതുവരെ 9,00,00,000/-രൂപ (ഒൻപത് കോടി രൂപ മാത്രം) അനുവദിച്ചു നൽകിയിട്ടുണ്ട്. 2023 വരെ വിരമിച്ച പ്രവർത്തകർക്ക് 11/2024 വരെയുള്ള പെൻഷൻ അനുവദിച്ചിട്ടുണ്ട്. 2024 ഏപ്രിലിൽ വിരമിച്ച പ്രവർത്തകർക്ക് 11/2024 വരെയുള്ള കുടിശ്ശിക 15/03/2025നകവും 12/2024 മുതലുള്ള കുടിശ്ശിക പെൻഷൻ ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസരിച്ചും നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സർക്കാർ വിഹിതം ആവശ്യപ്പെട്ടുകൊണ്ട് ക്ഷേമനിധി ബോർഡിൽ നിന്നും ലഭിക്കുന്ന പ്രപ്പോസലുകൾ പരിശോധിച്ച് സർക്കാർ വിഹിതം അനുവദിച്ചു നൽകിവരുന്നുണ്ട്. |
| (സി) | അങ്കണവാടി ജീവനക്കാർക്കും ഹെൽപ്പർമാർക്കും കഴിഞ്ഞ മൂന്ന് വർഷമായി ഓണം അലവൻസ് ലഭിക്കുന്നില്ലെന്നും 2024 ഏപ്രിൽ മാസത്തിൽ വിരമിച്ചവർക്കുള്ള ക്ഷേമനിധി ആനുകൂല്യങ്ങളോ പെൻഷനോ ഇതുവരെ ലഭിച്ചിട്ടില്ലെന്നുമുള്ള കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; എങ്കിൽ ഇത് എന്നത്തേക്ക് നൽകുമെന്ന് വ്യക്തമാക്കാമോ? | (സി) | (സി) അങ്കണവാടി ജീവനക്കാർക്കും ഹെൽപ്പർമാർക്കും ഓണം അലവൻസ് വിതരണം ചെയ്യുന്നതിൽ ഇതുവരെ മുടക്കം വന്നിട്ടില്ല. 2024 ഏപ്രിലിൽ വിരമിച്ച പ്രവർത്തകർക്ക് 11/2024 വരെയുള്ള കുടിശ്ശിക പെൻഷൻ 15/03/2025നകവും 12/2024 മുതലുള്ള കുടിശ്ശിക പെൻഷനും ക്ഷേമനിധി ആനുകൂല്യങ്ങളും ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസരിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ